ശുചിത്വമിഷൻ
തദ്ദേശസ്വയംഭരണ വകുപ്പ്
കേരള സർക്കാർ

03.12.2025

## പത്രക്കുറിപ്പ്

## തെരഞ്ഞെടുപ്പിൽ ഹരിതചട്ടപാലന നടപടികൾ ശക്തം, ഇതിനോടകം ചുമത്തിയത് 46 ലക്ഷത്തിന്റെ പിഴ

തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിൽ ഹരിതചട്ടം പാലിക്കാതെ നടത്തുന്ന പ്രചാരണ-പ്രവർത്തനങ്ങൾക്കെതിരെ വിവിധ ജില്ലകളിലായി ഇതുവരെ 6500 കേന്ദ്രങ്ങളിൽ നടത്തിയ പരിശോധനകളിലായി 340 ലംഘനങ്ങൾ കണ്ടെത്തി. ഇതുവരെ, 14 ജില്ലകളിലായി 46 ലക്ഷം രൂപ പിഴയായും ചുമത്തിയിട്ടുണ്ട്. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനുവേണ്ടി സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ജില്ലാതല നോഡൽ ഓഫീസർമാരും ശുചിത്വ മിഷനും നടത്തുന്ന പരിശോധനകളിലാണ് ലംഘനങ്ങൾ കണ്ടെത്തി പിഴ ചുമത്തിയിരിക്കുന്നത്. മൊത്തം രണ്ടു ടണ്ണിന്റെ നിരോധിത ഉൽപ്പന്നങ്ങളും, തെർമോക്കോൾ, പ്ലാസ്റ്റിക് എന്നിവ കൊണ്ടുള്ള ഒറ്റത്തവണ ഉപയോഗിക്കുന്ന ഉൽപ്പന്നങ്ങളും, നിരോധിത അലങ്കാര വസ്തുക്കളും ഇതിനോടകം കണ്ടുകെട്ടി.

തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ച ഘട്ടത്തിൽ തന്നെ സമ്പൂർണ്ണ ഹരിതചട്ടം പാലിച്ചാവണം പ്രചരണവും വോട്ടെടുപ്പും നടത്തേണ്ടതെന്ന് മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ അറിയിച്ചിരുന്നു. സ്ഥാനാർത്ഥികൾക്കും രാഷ്ട്രീയപാർട്ടികൾക്കും ഇതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളടങ്ങുന്ന കൈപ്പുസ്തകവും തെരഞ്ഞെടുപ്പ് നിയന്ത്രിക്കുന്ന ഉദ്യോഗസ്ഥർക്ക് പരിശീലനങ്ങളും നൽകിയിരുന്നു. കൂടാതെ മാർഗ്ഗനിർദ്ദേശങ്ങളുടെ പരിപൂർണ്ണ പകർപ്പ് ശുചിത്വ മിഷൻ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വോട്ടർമാരെ ഹരിത തെരഞ്ഞെടുപ്പിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിലേക്ക് റേഡിയോ, ടെലിവിഷൻ, സാമൂഹിക മാധ്യമങ്ങൾ, സിനിമ തിയറ്ററുകൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവ വഴിയും പരസ്യപ്രചരണം തുടരുന്നുണ്ട്. ഇതോടൊപ്പം ജില്ലാ ഭരണകൂടങ്ങളുടെയും ജില്ലാ ശുചിത്വമിഷന്റെയും നേതൃത്വത്തിൽ വ്യാപകമായ വാഹനപ്രചരണവും, തെരുവ് നാടകങ്ങളും, ഫ്ലാഷ് മോബുകളും സംഘടിപ്പിക്കുന്നുണ്ട്.

പിവിസി ഫ്ലക്സുകൾക്ക് പകരം മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരമുള്ള പുനരുപയോഗിക്കാവുന്ന പോളി എത്തിലീനും പ്ലാസ്റ്റിക്ക് കലർന്ന നൈലോൺ, പോളിസ്റ്റർ, കൊറിയൻ ക്ലോത്ത് എന്നിവയ്ക്ക് പകരം നൂറ് ശതമാനം കോട്ടൺ തുണിയുമാണ് ബോർഡുകൾക്കും മറ്റുമായി ഉപയോഗിക്കേണ്ടത്. തെർമ്മോക്കോൾ, സൺപാക്ക് ഉൾപ്പെടെയുള്ള നിരോധിത വസ്തുക്കൾ അലങ്കാര ആവശ്യങ്ങൾക്കായി ഒഴിവാക്കി പ്രകൃതി സൗഹൃദവസ്തുക്കൾ മാത്രം ഉപയോഗിക്കണം. ഭക്ഷണവും വെള്ളവും വിതരണം ചെയ്യുന്ന സാഹചര്യങ്ങളിൽ പ്ലാസ്റ്റിക്,

തെർമോക്കോൾ എന്നിവ കൊണ്ടുണ്ടാക്കിയ, ഉപയോഗിച്ച് ഉപേക്ഷിക്കുന്ന കപ്പുകൾക്കും, പാത്രങ്ങൾക്കും പകരം സ്റ്റീലിന്റേയോ സെറാമിക്കിന്റെയോ ബദൽ ഉൽപ്പന്നങ്ങൾ ഉപയോഗിക്കണം.

അനുവദനീയമായ എല്ലാത്തരം പ്രചരണവസ്തുക്കളിലും പിവിസി മുക്തമെന്ന ലോഗോയും, പ്രിന്ററുടെ പേരും, ഫോൺ നമ്പറും, ഓർഡർ നമ്പറും നിർബന്ധമായും ഉണ്ടായിരിക്കേണമെന്നും നിർദേശമുണ്ട്. പരിസ്ഥിതി സൗഹൃദ വസ്തുക്കളുടെ വ്യാജനിർമ്മിതിയും, വിൽപ്പനയും തടയുന്നതിലേക്കാണ് ഈ നടപടി.

പോളിങ് ബൂത്തുകൾ ഒരുക്കുന്നതുൾപ്പെടെ വോട്ടെടുപ്പുവേളയിലെ ഹരിതപെരുമാറ്റച്ചട്ടം സംബന്ധിച്ചും പോളിങ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നല്കിയിട്ടുണ്ട്. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉണ്ടാകാനിടയുള്ള മാലിന്യങ്ങളുടെ അളവ് കാര്യമായി കുറയ്ക്കുന്നതിനും ഫലപ്രദമായ സംസ്കരണം ഉറപ്പുവരുത്തുന്നതിനും ലക്ഷ്യമിട്ടുള്ള ഈ നടപടികളിൽ എല്ലാവരുടെയും പൂർണ പിന്തുണയുണ്ടാകണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യു.വി.ജോസ് അഭ്യർഥിച്ചു.

തെരഞ്ഞെടുപ്പ് കാലത്ത് ഹരിതചട്ടം ലംഘിക്കപ്പെടുന്നുവെന്ന് കണ്ടാൽ പൊതുജനങ്ങൾക്കും 9446700800 എന്ന് വാട്സപ്പ് നമ്പറിലേക്ക് തെളിവ് സഹിതം പരാതിപ്പെടാമെന്നും അദ്ദേഹം അറിയിച്ചു.